തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല

# പിഎച്ച്.ഡി കോഴ്സ്‌വർക്ക് പരീക്ഷ

**ഫെബ്രുവരി 2025**

**SOC PCW 2401**

## സോഷ്യോളജി

# ഗവേഷണരീതിശാസ്ത്രം

**സമയം: 3 മണിക്കൂർ** **മാർക്ക്:100**

I. രണ്ടുപുറത്തിൽ കവിയാതെ എട്ടുചോദ്യത്തിന് ഉത്തരമെഴുതുക.

(8X5 = 40)

1. സാമൂഹ്യഗവേഷണത്തിൽ എത്തനോഗ്രാഫിയുടെ പ്രാധാന്യം ഉദാഹരണസഹിതം വിവരിക്കുക.

2. ആഖ്യാനവിശകലനത്തിന്റെയും സംഭാഷണ വിശകലനത്തിന്റെയും സവിശേഷതകൾ വിശദീകരിക്കുക.

3. സാമൂഹ്യഗവേഷണത്തിൽ താരതമ്യരീതിശാസ്ത്രത്തിന്റെ പ്രാധാന്യം വിവരിക്കുക.

4. ഫോക്കസ്ഗ്രൂപ്പ് ചർച്ച, കേസ് സ്റ്റഡി എന്നീ ഗവേഷണരീതികളുടെ പ്രാധാന്യം വിവരിക്കുക.

5. സാമൂഹ്യഗവേഷണത്തിന്റെ വിവിധ ഘട്ടങ്ങൾ വിവരിക്കുക.

6. ഗവേഷണത്തിൽ രൂപരേഖകൾക്കുള്ള പ്രാധാന്യം വിശദീകരിക്കുക.

7. വ്യവഹാരവിശകലനവും ഉള്ളടക്കവിശകലനവും ഗുണാധിഷ്ഠിതഗവേഷണത്തിൽ ഉപയോഗപ്പെടുത്തുന്നത് എങ്ങനെയാണെന്ന് വിശദീകരിക്കുക.

8. ഗണാധിഷ്ഠിതഗവേഷണത്തിൽ സ്റ്റാറ്റിസ്റ്റിക്സിന്റെ ഉപയോഗം വിശദീകരിക്കുക.

9. എന്താണ് നിദാന സിദ്ധാന്തം **(Grounded Theory)?**

10. സാമൂഹ്യഗവേഷണത്തിൽ ചരിത്രാധിഷ്ഠിത സമീപനത്തിനുള്ള **(Historical Methods)** പ്രാധാന്യം ചർച്ച ചെയ്യുക.

II. അഞ്ചുപുറത്തിൽ കവിയാതെ മൂന്ന് ചോദ്യത്തിന് ഉത്തരമെഴുതുക.

(3X20=60)

11. എന്താണ് ഗുണാധിഷ്ഠിത ഗവേഷണം? ഗുണാധിഷ്ഠിത ഗവേഷണത്തിലെ വിവിധ സമീപനങ്ങൾ വിവരിക്കുക.

12. സാമൂഹ്യഗവേഷണത്തിലെ വിവിധ വിചാരമാതൃകകളെ സംബന്ധിച്ച് ഉപന്യസിക്കുക.

13. സാമൂഹ്യഗവേഷണത്തിൽ ദത്തശേഖരണത്തിന്റെ വിവിധരീതികളും ഉപാധികളും വിശദീകരിക്കുക.

14. വിഷയക്രോഡീകരണം, ലക്ഷ്യനിർണയം, മുൻ ഗവേഷണഫലങ്ങളുടെ വിശകലനം, താത്വികമായ അടിത്തറയൊരുക്കൽ മുതലായ ഗവേഷണ പ്രക്രിയകളുടെ പ്രാധാന്യം വിവരിക്കുക.

******